15 (*568) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ സംവിധാനം.

ശ്രീ. എ. കണാരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. അലിഹസ്സൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവരെ രക്ഷപ്പെടുത്താൻ എന്തെല്ലാം രക്ഷാസംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന രക്ഷാസംവിധാനങ്ങളിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ബോദ്ധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ ബോദ്ധ്യമായിരിക്കുന്ന പോരായ്മകൾ പരിഹരിക്കാനും രക്ഷാസംവിധാനം കുറ്റമറ്റതാക്കാനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തൊക്കെ നടപടി എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ മത്സ്യബന്ധനമേഖലകളിലാണ് അപകടസാദ്ധ്യത കൂടുതലായി അനുഭവപ്പെട്ടുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അപകടസാദ്ധ്യത കൂടുതലുള്ള മത്സ്യബന്ധന മേഖലകളിൽ രക്ഷാപ്രവർത്തനം ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏതൊക്കെ നടപടികൾ സ്വീകരിച്ചെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട വിവരം ലഭിച്ചാലുടൻതന്നെ ഫിഷറീസ് വകുപ്പിന്റെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബോട്ടുകളും, സാധാരണ ബോട്ടുകളും അത്യാവശ്യ സന്ദർഭങ്ങളിൽ വാടകയ്ക്കെടുക്കുന്ന ബോട്ടുകളും ഉപയോഗിച്ചു തെരച്ചിൽ നടത്തുന്നു. അടിയന്തിര ഘട്ടങ്ങളിൽ നേവിയുടെ സഹായവും തേടാറുണ്ട്. ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഉള്ള മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സേവനവും ലഭ്യമാണ്. പ്രധാനപ്പെട്ട മത്സ്യബന്ധന മേഖലകളിൽ ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും തുറക്കാറുണ്ട്.

(ബി) പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) തിരുവനന്തപുരം, ജില്ലയിലെ വിഴിഞ്ഞം, പൂവാർ, അഞ്ചുതെങ്ങ്, കൊല്ലം ജില്ലയിലെ നീണ്ടകര, കണ്ണൂർ ജില്ലയിലെ മത്സ്യബന്ധന മേഖലകൾ എന്നിവിടങ്ങളിൽ

(ഇ) കടൽ രക്ഷാപ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകളും കഴിയുന്നത്ര മത്സ്യബന്ധന ബോട്ടുകളും

LIBRARY ARCHIVES Kerala Legislative Assembly

വള്ളങ്ങളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വയർലസ് മുഖാന്തിരം വാർത്താവിനിമയ സംവിധാനം ഏർപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

16 (*569) അഴിമുഖങ്ങളിൽ നിക്ഷേപിച്ച മത്സ്യക്കുഞ്ഞുങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അഴിമുഖങ്ങളിൽ നിക്ഷേപിച്ച 20 ദിവസം പ്രായമുള്ള ലാർവ സർക്കാരിന് എവിടെ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹാച്ചറികളിൽ മുട്ടയുള്ള ചെമ്മീൻ കിട്ടുന്നത് ഒക്ടോബർ, നവംബർ മാസങ്ങളിലാണോ;

(സി) 20 ദിവസം പ്രായമുള്ള ലാർവ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സർക്കാരിന് എവിടെനിന്നാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യഫെഡിന്റെ കീഴിലുള്ള ഹാച്ചറികളിൽ 1998-ൽ എത്ര ചെമ്മീൻകുഞ്ഞുങ്ങളെ വിരിയിച്ചിട്ടുണ്ട്;

(ഇ) അഴിമുഖത്ത് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു മുൻപ് പ്രസ്തുത അഴിമുഖത്തിന്റെയും വെള്ളത്തിന്റെയും സ്വഭാവത്തെപ്പറ്റി പഠിക്കാറുണ്ടോ;

(എഫ്) അക്വാഫാമുകളിൽ ചൂടും ഓക്സിജനും ഇറക്കുമതി ചെയ്ത ഫീഡും കൊടുത്താണോ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നത്;

(ജി) എങ്കിൽ കടലിൽ ഇട്ടിട്ടുള്ള മത്സ്യക്കുഞ്ഞുങ്ങൾ നശിച്ചുപോകാതെ എങ്ങനെ നിലനിർത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സർക്കാർ ഹാച്ചറികൾ, മത്സ്യഫെഡ് ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നുമാണ് ലഭിച്ചത്.

(ബി) ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ്.

(സി) സർക്കാർ/മത്സ്യഫെഡ് ഹാച്ചറികളിൽ നിന്നാണ് പി.എൽ. 20 ലാർവകൾ ലഭ്യമായത്.

(ഡി) മത്സ്യഫെഡിന്റെ കീഴിലുള്ള ഓരുജല ചെമ്മീൻ ഹാച്ചറികളിൽ 1998-99 വർഷത്തിൽ 63.88 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ വിരിയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അല്ല. ആവശ്യമെന്നുകണ്ടാൽ ഓക്സിജൻ കൊടുക്കാനുള്ള സംവിധാനം അക്വാഫാമുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത ഫീഡാണ് ഉപയോഗിച്ചുവരുന്നത്. ചൂട് കൊടുക്കേണ്ട ആവശ്യം വന്നിട്ടില്ല.

(ജി) കടലിൽ പ്രകൃത്യാ മത്സ്യക്കുഞ്ഞുങ്ങൾ വളർന്നു വലുതാവുന്നതിനാവശ്യമായ ഭൗതികമായ സാഹചര്യങ്ങൾ ലഭ്യമാണ്. എന്നാലും അനുയോജ്യമായ രാസഭൗതിക ഗുണങ്ങളുള്ള ജലപ്രദേശങ്ങൾ അഴിമുഖങ്ങളിൽ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യക്കുഞ്ഞുങ്ങൾ നശിച്ചുപോകാതെ പരമാവധി സംരക്ഷിക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly